നം.ഇ.എക്സ്/എ.4/55220/2025/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: **21.01.2026**

# സർക്കുലർ

വിഷയം :- 2025 നവംബർ മാസം നടത്തിയ പത്താം തരം തുല്യതാ പരീക്ഷ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം -1) 25/09/2025 തീയതിയിലെ ഇ.എക്സ്/സി.ജനറൽ(4)/26880/2025/സിജിഇ നമ്പർ പരീക്ഷാ വിജ്ഞാപനം.

2) 08/01/2026 തീയതിയിലെ ഇ.എകസ്/എ4/55220/2025/സി.ജി.ഇ നമ്പർ സർക്കുലർ.

2025 നവംബർ മാസം നടത്തിയ പത്താംതരം തുല്യതാ പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം ടി പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തിയ എല്ലാ ക്യാമ്പുകളിലും 2026 ഫെബ്രുവരി 10, 11 തീയതികളിലായി നടത്തുന്നതാണ്. പുനർമൂല്യ നിർണ്ണയ ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. പത്താംതരം തുല്യതാ പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പുകളായിരുന്ന സ്കൂളുകളിലെ പ്രഥമാദ്ധ്യാപകൻ/അദ്ധ്യാപിക പുനർമൂല്യനിർണ്ണയത്തിനുള്ള ക്യാമ്പ് ഓഫീസർമാർ ആയിരിക്കും.
2. ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതിന് ഓരോ വിഷയത്തിനും രണ്ടു എക്സാമിനർമാരെ വീതം അതത് ക്യാമ്പ് ഓഫീസർമാർ നിയമിക്കേണ്ടതാണ്. പത്താംതരം തുല്യതാ പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും സമർത്ഥരായ അദ്ധ്യാപകരേയോ, ഇവരെ ലഭ്യമാകാത്തപക്ഷം അതത് അദ്ധ്യാപകരേയോ ഇതിനായി തെരഞ്ഞെടുക്കേണ്ടതാണ്.
3. പുനർമൂല്യ നിർണ്ണയത്തിനായി നിയമിക്കപ്പെട്ട എക്സാമിനർമാരിൽ ഏറ്റവും സീനിയറായ ഒരു അദ്ധ്യാപകനെ അഡീഷണൽ ചീഫ് എക്സാമിനർ ആയി നിയമിക്കാവുന്നതാണ് (എല്ലാ വിഷയത്തിനുമായി ഒരാൾ).
4. അഡീഷണൽ ചീഫ് എക്സാമിനറായി നിയമിക്കപ്പെട്ടയാൾ ഉത്തരക്കടലാസുകൾ പുനർ മൂല്യനിർണ്ണയം ചെയ്യേണ്ടതില്ല. എന്നാൽ അസിസ്റ്റന്റ് എക്സാമിനർമാർക്ക് ഉത്തരക്കടലാസുകൾ വിതരണം ചെയ്യുകയും അവർ നടത്തിയ മൂല്യനിർണ്ണയ പ്രകാരം സ്കോറുകൾ മാർക്ക് ഷീറ്റിൽ കൃത്യമായി രേഖപ്പെടുത്തി ഒപ്പ് വച്ച് നൽകിയിട്ടുണ്ടോ എന്നു പരിശോധിക്കുകയും തെറ്റുകളില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ പുനർമൂല്യനിർണ്ണയം നടത്തിയ രണ്ട് എക്സാമിനർമാരും നൽകിയ മാർക്കുകൾ തമ്മിൽ അഞ്ചു മാർക്കിൽ കൂടുതൽ വ്യത്യാസം ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരം ഉത്തരക്കടലാസുകൾ വീണ്ടും ഒരിക്കൽ കൂടി പരിശോധിക്കേണ്ടതാണ്.

5. അഡീഷണൽ ചീഫ് എക്സാമിനർമാർക്ക് പുനർമൂല്യനിർണ്ണയം നടത്തുന്ന ഓരോ ദിവസത്തിനും ഒരു ഡി.എ വീതവും ഓരോ എക്സാമിനർമാർക്കും ലഭിക്കുന്ന നിരക്കിൽ പ്രതിഫലവും നൽകുന്നതാണ്.
6. മൂല്യനിർണ്ണയത്തിന്റെ പ്രവർത്തനങ്ങളിൽ ക്യാമ്പ് ഓഫീസറെ സഹായിക്കുന്നതിന് ഒരു ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.
7. ന്യൂ സ്കീം അനുസരിച്ച് മലയാളം, ഇംഗ്ലീഷ്, സോഷ്യൽ സയൻസ് കണക്ക് വിഷയങ്ങൾക്ക് 24 പേപ്പറുകളും, ഹിന്ദി വിഷയത്തിന് 30 പേപ്പറുകളും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഐ.ടി വിഷയങ്ങൾക്ക് 36 പേപ്പറുകളും വീതമാണ് ഒരു ദിവസം പുനർമൂല്യനിർണ്ണയം ചെയ്യേണ്ടത്. ഇതിന് ക്രമമായി ഒരു ഡി.എ പ്രതിഫലം നൽകുന്നതാണ്.
8. പുനർമൂല്യനിർണ്ണയത്തിൽ പങ്കെടുക്കുന്ന എക്സാമിനർമാർക്ക്, മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുത്ത എക്സാമിനർമാർക്ക് നൽകുന്ന അതേ നിരക്കിൽ യാത്രാബത്ത നൽകുന്നതാണ്. മൂല്യനിർണ്ണയം നടത്തുന്ന പേപ്പറുകളുടെ എണ്ണമനുസരിച്ച് ഡി.എ-യും, ചുവടെ ചേർത്തിരിക്കുന്ന വിധത്തിൽ പ്രതിഫലവും നൽകാവുന്നതാണ്. മലയാളം, ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക് വിഷയങ്ങളുടെ പേപ്പർ ഒന്നിന് 6 രൂപയും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി പേപ്പർ ഒന്നിന് 3 രൂപ വീതവും, ഹിന്ദി, ഇൻഫർമേഷൻ ടെക്നോളജി പേപ്പർ ഒന്നിന് 4 രൂപ 80 പൈസ വീതവും നൽകാവുന്ന താണ്. പുനർ മൂല്യനിർണ്ണയം നടത്തേണ്ട പേപ്പറുകളുടെ എണ്ണം വളരെ കുറവാണെങ്കിൽ മിനിമം ഒരു ഡി.എ യും, വാല്യുവേഷൻ ചാർജ്ജ് ഇനത്തിൽ അര ഡി.എ യും നൽകാവുന്നതാണ്.
9. ക്യാമ്പ് ഓഫീസർ, ക്യാമ്പിലെ മറ്റു ജീവനക്കാർ എന്നിവർക്ക് താഴെപ്പറയുന്ന നിരക്കിൽ പ്രതിഫലം നൽകാവുന്നതാണ്.

| | | |
|---|---|---|
| ക്യാമ്പ് ഓഫീസർ | – | പ്രതിഫലം ഓരോ ദിവസവും 350 + 3 ഡി.എ |
| ക്ലാർക്ക് | – | പ്രതിഫലം ഓരോ ദിവസവും 150 + 3 ഡി.എ |
| ഓഫീസ് അറ്റൻഡന്റ് | – | പ്രതിഫലം ഓരോ ദിവസവും 100 + 3 ഡി.എ |

കണ്ടിജൻസി ചെലവുകൾക്ക് രൂപ 500 വിനിയോഗിക്കാവുന്നതാണ്.

പുനർമൂല്യ നിർണ്ണയം പൂർത്തിയായാൽ അന്നു തന്നെ മാർക്ക് ഷീറ്റുകൾ ചുവടെ ചേർത്തിട്ടുള്ള മേൽവിലാസത്തിൽ **പത്താംതരം തുല്യതാ പരീക്ഷ-2025 പുനർ മൂല്യനിർണ്ണയം** എന്ന് കവറിനു പുറത്തു ചുവപ്പു മഷിയിൽ രേഖപ്പെടുത്തി പരീക്ഷാഭവനിലേക്ക് സ്പീഡ് പോസ്റ്റായി അയക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയം നടത്തിയ ഓരോ ഉത്തരക്കടലാസിന്റേയും രണ്ടു സ്കോർഷീറ്റുകളും ഒരുമിച്ച് തുന്നി ക്കെട്ടി രജിസ്റ്റർ നമ്പർ ക്രമത്തിലാക്കി അയക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10. പുനർമൂല്യനിർണ്ണയത്തിന് ചെലവാകുന്ന തുകയുടെ സ്റ്റേറ്റ്മെന്റ് പരാമർശം (2) നോടൊപ്പം ഉൾപ്പെടുത്തിയിരുന്ന മാതൃകാ ഫോറത്തിൽ തയ്യാറാക്കി സ്കോർഷീറ്റിനൊപ്പം ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്.

<u>**സ്കോർ ഷീറ്റുകൾ അയക്കേണ്ട വിലാസം**</u>

**സൂപ്രണ്ട്,**
**എ സെക്ഷൻ,**
**പരീക്ഷാഭവൻ, പൂജപ്പുര,**
**തിരുവനന്തപുരം-12**

**സെക്രട്ടറി**

സ്വീകർത്താവ്

**എല്ലാ ക്യാമ്പ് ഓഫീസർമാർക്കും**

**പകർപ്പ്:-**

1) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2) ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്കും
3) സിസ്റ്റം മാനേജർ

(അറിവിലേക്കും അനന്തര നടപടികൾക്കുമായി).